(ബി) ഫർ—ന്യ—ഫൻ൫ ൦, ഫ ന്യ—വ്യ—ഫൻ൫ ൦.

(സി) ഉണ്ട്.

സാഹിബ് ബഹദൂർ കെ. സി. മായൻകുട്ടിമേത്തർ: തിരിച്ചു കൊടുത്തയച്ച ആരുടെ കയ്യിലാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഉടമസ്ഥരായ ജിന്നാ ലൈബ്രറിക്കാരെ ഏൽപിക്കുന്നതിനു് ഒരു മുസ്ലിം പ്രതിനിധിയെ ഏൽപ്പിച്ചു.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പാകിസ്ഥാൻ കൊടിയും ലീഗ് കൊടിയും തമ്മിൽ പോലീസുകാക്ക് തിരിച്ചറിഞ്ഞുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാമെന്നാണു് വിചാരിക്കേണ്ടതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആരുടെ കയ്യിലാണു് ആ കൊടി എല്പിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു മുസ്ലിം എം. എൽ. എ. യെ ആണു് ഏൽപ്പിച്ചതു്?

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ലൈബ്രറിവക കൊടിയെ എന്തിനാണു് ഒരു എം. എൽ. എ. യെ ഏൽപ്പിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ കൊടി ലൈബ്രറിക്കാരെ ഏൽപ്പിക്കുന്നതിനു് അധികാരമുണ്ടെന്നു് ബോദ്ധ്യപ്പെട്ട ഒരു മെമ്പറെയാണു് ആ കൊടി ഏൽപ്പിച്ചതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആ മെമ്പർ ആ കൊടിയെ നെടുമങ്ങാട്ട് എലക്ഷൻസമയത്തു അവിടെ എഴുന്നെള്ളിച്ചുകൊണ്ടു നടന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

സ്റ്റാണ്ഡവിലാസ് കെട്ടിടത്തിന്റെ വാടക

* ൫൩൭. (൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്തു് എം. എൽ. എ. മാർക്കു് താമസസൌകര്യത്തിനുള്ള സ്റ്റാണ്ഡവിലാസ് കെട്ടിടത്തിന്റെ വാടക എന്തായിരുന്നു;

(ബി) ഈ കെട്ടിടത്തിന്റെ വാടകവകയിൽ എത്ര ഉറുപ്പിക അഡ്വാൻസായി കൊടുത്തിരുന്നു;

(സി) ഈ സംഖ്യ തീരുന്നതുവരെ കെട്ടിടം ഒഴിയുവാൻ വയ്യാത്ത ഒരു ജാമ്മ്യനിലയിലാണോ ഗവണ്മെണ്ടു സ്ഥിതിചെയ്യുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൯ ൦ ൦ രൂപാ.

(ബി) അഡ്വാൻസ് കൊടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കെട്ടിടം എം. എൽ. എ. ക്വാർട്ടേഴ്സ് ആയിട്ടു് എടുക്കുന്നതിനുമുമ്പു് എന്തു വാടകക്കാണു് കൊടുത്തിരുന്നതെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കെട്ടിടം തിയ്യിട്ടു് എത്രകാലമായി എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുകാലമായിട്ടുണ്ട്. കൃത്യമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഗവമ്മെണ്ടിൽനിന്നും ആ കെട്ടിടത്തിൽ എന്തെങ്കിലും റിപ്പയറുകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിനുമുമ്പ് ഗവമ്മെണ്ടു വക സാധനങ്ങൾ തിരിച്ചെടുത്തിട്ടുണ്ട്.

ശ്രീ. പാറ തളിയത്തു്: ഈ കെട്ടിടത്തിനു് ആകെ എന്തു വാടക കൊടുത്തു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ കണക്കുകൾ തല്ക്കാലം എന്റെ കൈവശമില്ല.

ശ്രീ. പാറ തളിയത്തു്: ഈ കെട്ടിടം ഗവമ്മെണ്ടിൽനിന്നും എം. എൽ. എ. കമ്മിറ്റിക്കു് സായിട്ടു് എടുക്കുന്നതിനുമുമ്പും ഇതു ഗവമ്മെണ്ടിന്റെ കൈവശം ഇരിക്കുകയായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. എന്നാൽ കുറേക്കാലത്തിനുമുമ്പു് അതു ഗവമ്മെണ്ടിന്റെ കയ്യിൽ ഇരുന്നിരുന്നു എന്നറിയാം.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: ഫൻ ര വ്ൽ ഈ കെട്ടിടം ഗവമ്മെണ്ടിന്റെ കൈവശത്തിലായിരുന്നില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരുന്നിരിക്കാം.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: അന്നു് എന്തു വാടകയാണു് കൊടുത്തുകൊണ്ടിരുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചയമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കെട്ടിടത്തിന്റെ ഉടമസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. കുമാരനാശാരി: ഗവമ്മെണ്ടു വാടകക്കെടുക്കുന്ന കെട്ടിടങ്ങൾ ഉടമസ്ഥനെക്കൊണ്ടു് അറ്റകുറ്റങ്ങൾ തീർപ്പിച്ചു് എടുക്കുന്ന പതിവില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അതാതുസമയത്തെ ആവശ്യമനുസരിച്ചിരിക്കും ഉടമസ്ഥനു സൗകര്യമില്ലെങ്കിൽ ഉടമസ്ഥന്റെ ചിലവിൽ ഗവമ്മെണ്ടിൽനിന്നുതന്നെ വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യാവുണ്ട്.

Sri. P. Balakrishnan Tampi: Is the Government aware that the building is now let to the Government of India for Rs. 400 per month?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ അങ്ങിനെ അറിയാൻ ഇടയായിട്ടുണ്ട്.

ശ്രീ. കെ. പി. നിലകണ്ഠപിള്ള: ഈ കെട്ടിടത്തിന്റെ ഉടമസ്ഥൻ ശ്രീ. ബാലകൃഷ്ണൻ തമ്പിയുടെ ഒരു സ്നേഹിതനാണോ? (ചിരി)

നിയമനം

* 8൩൨. (൩) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശിപായിമാർ, മാസപ്പടിമാർ, മുതലായ ഉദ്യോഗസ്ഥന്മാരുടെ ഒഴിവുകളിലൊക്കെ പകരം നോക്കിയിരുന്ന ആളുകളെ നിയമിക്കുന്നതിനു് ഹെഡ് ഓഫ് ഡിപ്പാർട്ടുമെണ്ടിലേക്കധികാരം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly